ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. യുടെ തിരുവനന്തപുരം സെൻട്രൽ, സെൻട്രൽ വർക്ക്ഷോപ്പ്, ആലുവ റീജിയണൽ വർക്ക്ഷോപ്പ്, മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പ് എന്നിവിടങ്ങളിൽ 15 വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ കാഷ്വൽ ജീവനക്കാരായി ജോലി ചെയ്തിരുന്ന 88 പേരെ മെക്കാനിക്കൽ വിഭാഗത്തിലെ ഏറ്റവും താഴ്ന്ന തസ്തികയായ ഗ്യാരേജ് മസ്ദൂർ വിഭാഗത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖാന്തിരമാണ് നിയമനം എന്നാൽ മെക്കാനിക്കൽ ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്ന യൂണിറ്റുകളിൽ ഒരു വർഷത്തെ അപ്രന്റീസ്ഷിപ്പ് പൂർത്തിയാക്കിയവരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയോഗിച്ചു വരുന്നുണ്ട്. കൂടാതെ ഗാർഡുമാരുടെ കുറവ് ഉണ്ടായാൽ എക്സ് സർവീസ് ലീഗുകാരുടെ ലിസ്റ്റ് പ്രകാരം 35 വയസിനും 55 വയസിനും ഇടയ്ക്കുള്ളവരെ പ്രതിദിനം 100 രൂപ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു.

(സി,ഡി) കാഷ്വൽ ജീവനക്കാരായ 88 പേരെ സ്ഥിരപ്പെടുത്തിയത് ഗാരേജ് മസ്ദൂർ തസ്തികയിലാണ്. ഇവരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്.

കെ. എസ്. ആർ. ടി. സി. യിൽ കമ്മ്യൂട്ടഡ് വാല്യൂ ഓഫ് പെൻഷനും ഡത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയും

126 (830) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-1-2001-ലെ കണക്കനുസരിച്ച് കെ. എസ്. ആർ. ടി. സി. യിൽ നിന്ന് റിട്ടയർ ചെയ്ത എത്ര പേരുടെ കമ്മ്യൂട്ടഡ് വാല്യൂ ഓഫ് പെൻഷനും ഡത്ത് കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയും കൊടുത്ത് തീർക്കാനുണ്ട് ;

(ബി) ഈയിനത്തിൽ കോർപ്പറേഷൻ കൊടുത്തു തീർക്കാനുള്ള തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1999 നവംബർ മാസം മുതൽ 31-1-2001 വരെ ഏകദേശം 786 ജീവനക്കാർക്ക് കമ്മ്യൂട്ടഡ് വാല്യൂ ഓഫ് പെൻഷനും ഡത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയും കൊടുത്തുതീർക്കാനുണ്ട്.

(ബി) ഈ ഇനത്തിൽ കോർപ്പറേഷൻ ഏകദേശം 24 കോടി 19 ലക്ഷം രൂപ കൊടുത്തു തീർക്കാനുണ്ട്.

കെ. എസ്. ആർ. ടി. സി. യിലെ താൽക്കാലിക ജീവനക്കാർ

127 (831) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ. എസ്. ആർ. ടി. സി. യിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ നിയമനത്തിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ ;

(സി) ഈ വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5,801 പേർ.

	എംപ്ലോയ്മെന്റ്	എംപാനൽ	ആകെ
മെക്കാനിക്ക്	435	368	803
വർക്ക് അസിസ്റ്റന്റ്	123	14	137
കോച്ച് ബിൽഡർ	84	68	152
ബ്ലാക്ക്സ്മിത്ത്	116	251	367
പെയിന്റർ	23	35	58
ടിങ്കർ	—	3	3
അപ്ഹോൾസ്റ്ററർ	16	14	30
വെൽഡർ	31	16	47
ഗ്യാരേജ് മസ്ദൂർ	11	—	11
പമ്പ് ഓപ്പറേറ്റർ	—	1	1
ടയർ ഇൻസ്പെക്ടർ	—	9	9
ഇലക്ട്രീഷ്യൻ	31	39	70
മെഷീനിസ്റ്റ്	—	4	4
ടയർ റീട്രീഡർ	20	—	20
കണ്ടക്ടർ	2,334	1,366	3,700
ഗാർഡ്	—	359	359
സ്വീപ്പർ	—	20	20
സ്വീപ്പർ കം സ്കാവഞ്ചർ	—	10	10

(ബി) ഉണ്ട്.

(സി&ഡി) 1979-80 കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ട ഇപ്പോഴും സർവ്വീസിൽ തുടരുന്ന 699 കണ്ടക്ടർമാരെയും 6 പെയിന്റർമാരെയും സ്ഥിരപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. കൂടാതെ കെ. എസ്. ആർ. ടി. സി. യുടെ സെൻട്രൽ വർക്സിലും റീജിയണൽ

LIBRARY ARCHIVES Kerala Legislative Assembly

വർക്കുഷോപ്പുകളിലും കഴിഞ്ഞ 15 വർഷത്തിലേറെയായി ജോലി നോക്കുന്ന 88 കാഷ്വൽ ജീവനക്കാരെ ഗാരേജ് മസ്ദൂർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമിക്കപ്പെട്ട ഡ്രൈവർമാർ

128 (832) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ 2000 ഡിസംബർ 31-ലെ കണക്കനുസരിച്ച് എത്ര ഡ്രൈവർമാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമിച്ചവരായുണ്ടായിരുന്നു ;

(ബി) ഇവരിൽ നിന്നും സെക്യൂരിറ്റി ഇനത്തിൽ എന്തു തുക വീതം വാങ്ങിയിരുന്നു;

(സി) ഇവരെ പിരിച്ചുവിടാൻ 2001 ജനുവരി 10-ാം തീയതിക്കുമുമ്പ് ഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നുവോ ;

(ഡി) എങ്കിൽ അതനുസരിച്ച് അവരെ പിരിച്ചുവിട്ടുവോ ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഇവരിൽ നിന്നും വാങ്ങിയ സെക്യൂരിറ്റി തുക തിരിച്ചു നൽകുന്നതിന് ഒട്ടാകെ എന്തു തുക ആവശ്യമായി വരും ?

ഉത്തരം

(എ) 3,029 ഡ്രൈവർമാർ.

(ബി) 3000 രൂപ വീതം.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) 90,87,000 രൂപ വേണ്ടി വരും.

വാഹനങ്ങളുടെ സ്ഥിതിവിവരകണക്ക്

129 (834) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാഹന സംഖ്യയിലുണ്ടായിട്ടുള്ള വർദ്ധനവു സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര സ്വകാര്യ ബസുകൾ എത്ര റൂട്ടുകളിൽ സർവ്വീസ് നടത്തുന്നു എന്നതിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly